പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം 557 | 29-06-2011-ൽ മറുപടിക്ക് |
|---|---|

# തിരുവനന്തപുരം ജില്ലയിലെ ജൂനിയർ പബ്ളിക് ഹെൽത്ത് നഴ്സ് റാങ്ക് ലിസ്റ്റ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എൻ. ശക്തൻ | ശ്രീ. അടൂർ പ്രകാശ്<br>(ആരോഗ്യവും കുടുംബക്ഷേമവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | തിരുവനന്തപുരം ജില്ലയിലെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും മറ്റും ജെ.പി.എച്ച്.എൻ ഗ്രേഡ്1, ഗ്രേഡ് 2 തസ്തികകളിൽ പ്രൊമോഷൻ വഴിയുള്ളതല്ലാത്ത ഒഴിവുകൾ പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ ഈ ഒഴിവുകൾ അടിയന്തിരമായി റിപ്പോർട്ട് ചെയ്യാൻ നടപടി സ്വീകരിക്കുമോ; | എ) | ജൂനിയർ പബ്ളിക് ഹെൽത്ത് നഴ്സ് ഗ്രേഡ് 1 തസ്തിക, ജൂനിയർ പബ്ളിക് ഹെൽത്ത് നഴ്സ് ഗ്രേഡ് 2 തസ്തികയുടെ പ്രമോഷൻ തസ്തികയാണ്. ജൂനിയർ പബ്ളിക് ഹെൽത്ത് നഴ്സ് ഗ്രേഡ് 2 തസ്തികയിലെ ഒഴിവുകൾ എല്ലാം പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| ബി) | ജെ.പി.എച്ച്.എൻ. ഗ്രേഡ് 2 തസ്തികയിൽ നിന്നു ജെ.പി.എച്ച്.എൻ ഗ്രേഡ് -1 ലെയ്ക്ക് സംസ്ഥാനതലത്തിൽ പ്രൊമോഷൻ നടത്തുന്നതിനായി പ്രസ്തുത തസ്തികയുടെ 1 മുതൽ 1200 വരെ റാങ്ക് ഉള്ളവരുടെ വിശദാംശങ്ങൾ ലഭ്യമാക്കാൻ ഡി.എം.ഒ, പി.എച്ച്.സി. എന്നിവിടങ്ങളിൽ നിന്ന് ഡി.എച്ച്.എസ് ആരാഞ്ഞ വിവരങ്ങൾ ലഭിക്കാത്ത അവസ്ഥ ഉണ്ടായിട്ടുണ്ടോ; | ബി) | ഇല്ല. |

| | | | |
|---|---|---|---|
| സി) | ജെ.പി.എച്ച്.എൻ. ഗ്രേഡ് 2-ന് ഗ്രേഡ് 1-ലേക്ക് പ്രൊമോഷൻ നൽകിയ 28.5.2011-ലെ FWA/4/57685/2009/DHS നമ്പർ ഉത്തരവ് അനുസരിച്ച് സീനിയോറിറ്റി റാങ്ക് ലിസ്റ്റിലെ റാങ്ക് 731 മുതൽ 856 വരെയുള്ള 118 പേർക്ക് മാത്രമാണ് പ്രൊമോഷൻ നൽകിയിട്ടുള്ളത് എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇങ്ങനെ സീനിയോറിറ്റി റാങ്ക് ലിസ്റ്റിന്റെ കുറച്ചു ഭാഗത്തു നിന്നും പ്രൊമോഷൻ നൽകിയത് എന്ത് അടിസ്ഥാനത്തിലാണ്; ബാക്കിയുള്ളവർക്ക് പ്രൊമോഷൻ നൽകാനാവശ്യമായ നടപടി സ്വീകരിക്കുമോ ? | സി) | 1 മുതൽ 730 വരെയുള്ളവർക്ക് FWA4/57685/2009/DHS തീയതി 13.10.2009 പ്രകാരം പ്രൊമോഷൻ നൽകിയിട്ടുണ്ട്. അവശേഷിക്കുന്നവരിൽ കോട്ടയം ജില്ലയിലെ 7 പേർ ഉൾപ്പെടെ 9 പേരുടെ സീനിയോറിറ്റി യഥാസമയം ലഭിക്കാത്തതിനാലും ഒരാൾ സർവ്വീസിൽ നിന്നും വിരമിച്ചതിനാലുമാണ് പ്രൊമോഷൻ നൽകാത്തത്. 858 മുതൽ ബാക്കിയുള്ളവർക്ക് കൂടി പ്രൊമോഷൻ നൽകുന്നതിനുള്ള നടപടികൾ നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ